(ഡി) മധുര-തിരുവനന്തപുരം ലൈനിന്റെ പണി ഉദ്ദേശം 55% പൂർത്തിയായിട്ടുണ്ട്. ബാക്കി പണികൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം 400 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം 50 ശതമാനത്തോളം തീർന്നിട്ടുണ്ട്. ജോലികൾ പുരോഗമിച്ചുവരുന്നു.

(ഇ) തിരുവനന്തപുരം 400 കെ. വി. സബ്സ്റ്റേഷന്റെയും ലൈനിന്റെയും പണി 2003 ഡിസംബർ 31-ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ടാർജറ്റ് തീയതികൾ ഇപ്പോൾ പറയാവുന്ന സ്ഥിതിയിലല്ല.

2003-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട്

8 [5964] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, കെ. രാധാകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഉൽപ്പാദന വിതരണ പ്രസരണ മേഖല ലാഭം മാത്രം ലാക്കാക്കുന്ന സ്വകാര്യ കമ്പനികൾക്കും വിദേശ കമ്പനികൾക്കും നിക്ഷേപത്തിന് വിട്ടുകൊടുത്താൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പാർലമെന്റിൽ ബിൽ അവതരിപ്പിക്കുന്നതിന് മുൻപ് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരായുകയുണ്ടായോ; ബില്ലിലെ ഏതെങ്കിലും വ്യവസ്ഥകളോട് സർക്കാരിന് വിയോജിപ്പുണ്ടായിരുന്നോ;

(സി) സംസ്ഥാനത്തിന്റേയും ജനങ്ങളുടേയും പൊതു താൽപ്പര്യത്തിന് വിരുദ്ധമായി എന്തെങ്കിലും ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) ഈ വിഷയത്തിന്റെ ഭവിഷ്യത്തുകളെയും പ്രത്യാഘാതങ്ങളെയും കുറിച്ച് പഠിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആരാഞ്ഞിരുന്നു. ഇക്കാര്യത്തിലുള്ള കേരള സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.

(സി) ആക്ടിലെ വ്യവസ്ഥകൾ വിശദമായി പരിശോധിക്കേണ്ടതുണ്ട്.

വൈദ്യുതി ബോർഡ് ജീവനക്കാരുടെ ദീർഘകാല കരാറിന്റെ കാലാവധി

9 [5965] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly